എൽ.ആർ.എ3- 5089/2011

ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം.
തിരുവനന്തപുരം, തീയതി, 12.05.2011

12037

കമ്മീഷണർ.

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ.
തിരുവനന്തപുരം.

സർ,

OFFICE OF THE INSPECTOR GENERAL OF REGISTRATION
27 MAY 2011

വിഷയം:- കേരള മുദ്രപ്പത്ര നിയമം 54 (2) വകുപ്പ് പ്രകാരം തൃശൂർ സബ് രജിസ്ട്രാർ ഓഫീസിലെ പി16/10 നമ്പർ ബന്തവസ്സാധാരം മുദ്രവില നിർണ്ണയം നടത്തുന്നത് - സംബന്ധിച്ച്-

സൂചന:- താങ്കളുടെ 02.02.2011 ലെ RR.4-755/2011 നമ്പർ കത്ത്.

-------

കേരള മുദ്രപ്പത്ര നിയമം വകുപ്പ് 54 (2) പ്രകാരം മുദ്രവില നിർണ്ണയം നടത്തുന്നതിനായി അയച്ചുതന്ന തൃശൂർ സബ് രജിസ്ട്രാർ ഓഫീസിലെ പി16/10 നമ്പർ ബന്തവസ്സാധാരത്തിൻമേലുള്ള തീരുമാനം ചുവടെ ചേർക്കുന്നു.

തൃശൂർ സബ് രജിസ്ട്രാർ ആഫീസിലെ 28 36/09 ആധാരത്തിന്റെ തെറ്റ് തിരുത്താധാരമായി ചമച്ചിട്ടുള്ള പ്രസ്തുത ബന്തവസ്സാധാരത്തിൽ മുന്നാധാരത്തിൽ വിവരിച്ചിട്ടുള്ള അപ്പാർട്ട്മെന്റ് നമ്പരും കാർ പാർക്കിംഗ് നമ്പരും എഫ്.4 എന്നെഴുതേണ്ടതിനു പകരം കൈതെറ്റായി എഫ്-3 എന്നെഴുതിയത് തിരുത്തുന്നതായി കാണുന്നു. ബന്തവസ്സാധാരം മൂലം ഏതെങ്കിലും അവകാശമോ ബാദ്ധ്യതയോ സൃഷ്ടിക്കുകയോ, കൈമാറ്റം ചെയ്യുകയോ, ക്ളിപ്തപ്പെടുത്തുകയോ ചെയ്യുന്നില്ല. കൂടാതെ ടി ആധാരംമൂലം അവകാശികൾക്കോ, കൈവശക്കാർക്കോ, അപ്പാർട്ട്മെന്റിനോ മാറ്റം വരുന്നില്ല. മറ്റ് ഭൗതിക മാറ്റങ്ങൾ ഒന്നംതന്നെ ഉള്ളതായും കാണുന്നില്ല. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ബന്തവസ്സാധാരം ഒരു പിഴ തിരുത്താധാരം മാത്രമാണെന്നും മുദ്രവില ചുമത്തേണ്ടതില്ലെന്നുമുള്ള താങ്കളുടെ അഭിപ്രായത്തോട് യോജിക്കുന്നുവെന്ന തീരുമാനം അറിയിക്കുന്നു.

വിശ്വസ്തതയോടെ

(ഒപ്പ്)

കമ്മീഷണർക്കുവേണ്ടി.

പുറത്തെഴുത്ത് നമ്പർ RR4 – 755/11

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലുടെ ഓഫീസ്,
തിരുവനന്തപുരം. തീയതി 25/07/2011

ഉത്തരവിന്റെ പകർപ്പ് അനന്തര നടപടികൾക്കായി അയയ്ക്കുന്നു. ആധാര നടപടികൾ പൂർത്തിയാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

To, ജില്ലാ രജിസ്ട്രാർ (ജനറൽ), തൃശ്ശൂർ

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ